

**പോൾ കല്ലാനോട്**

പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.

# വരക്കാൻ പഠിക്കാം

13

കൂട്ടുകാരേ, ചിത്രകലയുടെ ചരിത്രം പറയുകയോ തത്വങ്ങൾ പറയുകയോ ഒന്നുമല്ല ഞാനീ കുറിപ്പുകളിലൂടെ ചെയ്യുന്നത്. ചിത്രരചനയിൽ താൽപ്പര്യമുള്ളവരെ ചില കാര്യങ്ങൾ ചിന്തിപ്പിക്കാനും പ്രോൽസാഹിപ്പിക്കാനും വേണ്ടിയാണ് എന്റെ ശ്രമം. എന്നാൽ ചില തത്വങ്ങൾ ലളിതമായി പറയുന്നുമുണ്ട്, ലളിതമായി മാത്രം.

ഇപ്പോൾ വരുന്ന പ്രശ്നം, ചില കാര്യങ്ങൾ പറയുമ്പോൾ ഇംഗ്ലീഷ് പദങ്ങൾ ഉപയോഗിക്കേണ്ടി വരും എന്നതാണ്. അത്തരം പദങ്ങളും മനസ്സിലാക്കുന്നത് ആവശ്യമായി വരും. ഉദാഹരണത്തിന് ചിത്രം വരക്കുന്ന പ്രതലത്തിൽ നമ്മുടെ പെൻസിൽ വരകളുടെ കടുപ്പവും കടുപ്പക്കുറവും സൃഷ്ടിക്കുന്നുണ്ട്. ഒരു നിറത്തിന്റെ കടുത്ത(Dark) രേഖകളും കടുപ്പം കുറഞ്ഞതും തമ്മിൽ ഇടയിൽ പല ഭാവവും ഉണ്ടാവും. ഈ ഏറ്റക്കുറച്ചിലുകൾക്ക് ടോൺ എന്ന് പറയും. ഈ വാക്ക് മലയാളം പോലെ ഉപയോഗിക്കപ്പെടുന്നുണ്ട്. ചിത്രരചന നിർവഹിക്കുന്ന രീതിക്ക് അഥവാ പ്രയോഗത്തിന് ട്രീറ്റ്മെന്റ് (Treatment) എന്നും പറയുന്നു.

ചിത്രത്തിന്റെ വിഷയവും പ്രയോഗരീതിയും തമ്മിൽ പൊരുത്തപ്പെടണം. ട്രീറ്റ്മെന്റ് നന്നായിട്ടുണ്ടെന്നൊക്കെ ചിലർ പറയും. പക്ഷേ, വരച്ച ചിത്രവുമായി അത് ഒത്തുചേർന്നാൽ ചിത്രം നന്നായിട്ടുണ്ടെന്നേ പറയൂ. ഇനി ചിലർ ബാലൻസ് (Balance) ഇല്ലാതായി എന്ന് പറഞ്ഞാൽ ചിത്രത്തിന്റെ ഒരു ഭാഗത്തിന് പ്രാധാന്യം കൂടി എന്നും ബാക്കി ഭാഗങ്ങൾ അത്ര ശ്രദ്ധേയമായില്ല എന്നുമാണർത്ഥം. മൊത്തം ചിത്രത്തിൽ ഒരു സന്തുലനം, അത് തന്നെയാണ് ബാലൻസ് .

ചില ചിത്രങ്ങൾ ഇടതു പകുതി ഭാഗത്ത് നന്നായി വന്നിട്ടുണ്ടാവാം. വലതുഭാഗം ഒരു ശൂന്യതയില്ലേ എന്ന് തോന്നാം. ഒരു തുലാസിൽ ഇട





*രണ്ടു ചിത്രങ്ങളും പ്രകൃതി ദൃശ്യങ്ങളാണ്. ഒന്നാമത്തേതിന്റെ വലതു ഭാഗത്ത് ഒരു ശൂന്യതയുണ്ട്. രണ്ടാമത്തേതിൽ തോണിയും മറ്റും വന്നപ്പോൾ ഒരു ബാലൻസ് ഉണ്ടായില്ലേ? ഇതിലൂടെ നിങ്ങൾ ചിത്രത്തിന്റെ ബാലൻസിനെപറ്റി മനസ്സിലാക്കുക.*

തുഭാഗത്ത് ഭാരം തോന്നിയാൽ വലതുഭാഗത്ത് അതേ ഭാരം വെച്ച് തുലനം ശരിയാക്കുന്നത് പോലെയല്ല ഇത്. ഒരു പ്രകൃതിദൃശ്യത്തിൽ ഇടതുഭാഗത്തെ രൂപത്തിന് പകരം വലതു ഭാഗത്തും അതേപോലൊരു രൂപം വരച്ചാൽ മതിയാവില്ലല്ലോ. അത് ബോറാവും.

വലതു ഭാഗത്തെ നമ്മൾ പരിഗണിക്കുന്നത് ഒരു തോണി വരച്ചാവാം. വീടുകളോ മരങ്ങളോ വരച്ചാവാം. ചിലപ്പോൾ നല്ലൊരു മേഘപടലത്തിന്റെ പ്രയോഗം കൊണ്ടാവാം. പറക്കുന്ന ഒരു പക്ഷിക്കൂട്ടമോ മലനിരകളോ ആവാം. അതും നിങ്ങളുടെ ചിത്രത്തിന് ചേർന്നതാകണം. യോജിപ്പോടെ ദൃശ്യത്തെ പൂർണ്ണമാക്കുന്നതിന് നിങ്ങൾ ശ്രമം നടത്തുമ്പോൾ മൊത്തം ബാലൻസ് ശരിയാകും. നിങ്ങളുടെ മനസ്സിൽ ഈ തത്വം ഉണ്ടാവണം. അപ്പോഴേ ചിത്രം സമഗ്രമാകൂ. അല്ലെങ്കിൽ അപൂർണ്ണം എന്ന് തോന്നും.

✦

**(ഇനി അടുത്ത പാഠം)**